നമ്പർ ഇ.എക്സ്/സി.ജി.എൽ(1)/39200/2019/സി.ജി.ഇ  പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,തിരുവനന്തപുരം,
തീയതി 20-05-2020

# സർക്കുലർ

വിഷയം: എസ്.എസ്.എൽ.സി./ ഹയർ സെക്കന്ററി /വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളുടെ പുന:ക്രമീകരണം - മുന്നൊരുക്കം

സൂചന: സർക്കാർ ഉത്തരവ് സാധാ.നമ്പർ 1568/2020/പൊ.വി.വ. തീ. 12.05.2020

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ മാറ്റി വയ്ക്കപ്പെട്ട എസ്.എസ്.എൽ.സി./ ഹയർ സെക്കന്ററി /വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകൾ 2020 മെയ് 26 മുതൽ 30 വരെയുള്ള തീയതികളിൽ നടത്തുന്നതാണ്. ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി നടപ്പിലാക്കേണ്ടതാണ്.

## 1. പരീക്ഷാ കേന്ദ്രങ്ങൾ സജ്ജമാക്കൽ

കോവിഡ് കെയർ സെന്ററുകളായോ, അഗതികളെ പാർപ്പിക്കുന്ന കേന്ദ്രങ്ങളായോ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുടെ കാര്യത്തിൽ ബന്ധപ്പെട്ട ആർ.ഡി.ഡി./ ഡി.ഡി.ഇ./എ.ഡി എന്നിവർ ജില്ലാകളക്ടർമാർക്ക് അപേക്ഷ നൽകി പരീക്ഷയ്ക്കായി സജ്ജമാക്കേണ്ടതാണ്. ഏതെങ്കിലും വിദ്യാലയം ഇപ്രകാരം വിട്ടു കിട്ടുന്നില്ലെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതും പരീക്ഷാകേന്ദ്ര മാറ്റം സംബന്ധിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉത്തരവ് നൽകേണ്ടതുമാണ്. ഈ വിവരം വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും ഈ കേന്ദ്രത്തിലേക്ക് പരീക്ഷയ്ക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരെയും ചീഫ് സൂപ്രണ്ട്/പ്രഥമാദ്ധ്യാപകർ 24.05.2020-നു മുമ്പ് അറിയിക്കേണ്ടതാണ്.

## 2. ആരോഗ്യസുരക്ഷാ മാനദണ്ഡങ്ങൾ

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കർശന ആരോഗ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പരീക്ഷ നടത്തേണ്ടത്. സ്കൂളുകൾ കഴിഞ്ഞ രണ്ടു മാസമായി അടച്ചിട്ടിരുന്നതിനാൽ, പരീക്ഷാ ഹാളുകൾ, ഫർണിച്ചർ, സ്കൂൾ പരിസരം എന്നിവ ശുചിയാക്കുകയും 25.05.2020-നു മുമ്പ് അണുവിമുക്തമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ആരോഗ്യവകുപ്പ്/പി.റ്റി.എ/സന്നദ്ധസംഘടനകൾ/ഫയർഫോഴ്സ്/തദ്ദേശ സ്വയം

ഭരണസ്ഥാപനങ്ങൾ എന്നിവരുടെ സഹായം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. പരീക്ഷാ ദിവസങ്ങളിൽ രാവിലെയും ഉച്ചയ്ക്കും പരീക്ഷാ ഹാളിലെ ഫർണിച്ചർ അണുവിമുക്തമാക്കണം. വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിന്റെ പ്രധാന പ്രവേശനകവാടത്തിൽ കൂടി മാത്രമേ പ്രവേശനം അനുവദിക്കാൻ പാടുള്ളു. വിദ്യാലയത്തിന്റെ പ്രവേശനകവാടത്തിൽ വിദ്യാർത്ഥികൾക്ക് സാനിറ്റൈസർ നൽകുന്നതിനായി ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. ഇത് ഓരോ സ്കൂളിലെയും കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കേണ്ടത്. പരീക്ഷാദിവസങ്ങളിൽ സ്കൂൾ കോമ്പൗണ്ടിനുള്ളിൽ പൂർണ്ണമായും വിദ്യാർത്ഥികൾ സാമൂഹിക അകലം പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഒരു മുറിയിൽ ഇരിക്കാവുന്ന പരമാവധി വിദ്യാർത്ഥികളുടെ എണ്ണം 20 ആയിരിക്കണം. സാമൂഹിക അകലം പാലിക്കുന്നതിനുള്ള സൗകര്യത്തിനായി ഹയർസെക്കന്ററി ക്ലാസ്സ്റൂമുകൾ പരമാവധി പരീക്ഷയ്ക്കായി ഉപയോഗിക്കാവുന്നതാണ്. പരീക്ഷയ്ക്ക് മുമ്പും പരീക്ഷയ്ക്ക് ശേഷവും വിദ്യാർത്ഥികളെ കൂട്ടം ചേരുവാൻ അനുവദിക്കരുത്. എല്ലാ വിദ്യാർത്ഥികൾക്കും ആവശ്യമായ മാസ്ക്കുകൾ ലഭ്യമാണെന്നും വിദ്യാർത്ഥികൾ ശരിയായ രീതിയിൽ അത് ഉപയോഗിക്കുന്നുണ്ടെന്നും പരീക്ഷാ ചീഫ് സൂപ്രണ്ടുമാർ ഉറപ്പു വരുത്തേണ്ടതാണ്. (ഈ പ്രവർത്തനങ്ങൾക്ക് വിദ്യാലയത്തിലെ എഫ്.റ്റി.സി.എം/പി.റ്റി.സി.എം. ജീവനക്കാരോടൊപ്പം, ആവശ്യമെങ്കിൽ ദിവസവേതന ജീവനക്കാരെ (പരമാവധി രണ്ടുപേർ) കൂടി അധികമായി ഉപയോഗിക്കാവുന്നതാണ്. സമീപ പ്രൈമറി വിദ്യാലയങ്ങളിലെ പി.റ്റി.സി.എം നെയും ഈ ആവശ്യത്തിനായി ഡി.ഇ.ഒ./ എ.ഇ.ഒ./ ഡി.ഡി.ഇ./ ആർ.ഡി.ഡി./ എ.ഡി എന്നിവർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. താൽക്കാലികമായി സ്കൂളിൽ നിയോഗിച്ച ദിവസവേതനക്കാരുടെ പ്രതിഫലവും സാനിറ്റൈസർ, സോപ്പ് ഉൾപ്പെടെയുള്ള ആവശ്യ വസ്തുക്കളുടെ തുകയും പരീക്ഷാ ഫണ്ട്/സ്പെഷ്യൽ ഫീ അക്കൗണ്ടിൽ നിന്നും ഉപയോഗിക്കാവുന്നതാണ്.)

3. **പരീക്ഷാകേന്ദ്രമാറ്റം**

പരീക്ഷാകേന്ദ്രമാറ്റത്തിന്റെ ഭാഗമായി ഓരോ വിദ്യാലയത്തിൽ നിന്നും എത്രപേർ അപേക്ഷിച്ചിട്ടുണ്ടെന്നും, മറ്റു ജില്ലകളിൽ നിന്നും എത്രപേർ വീതം ഓരോ വിദ്യാലയത്തിലേക്കും അപേക്ഷിച്ചിട്ടുണ്ടെന്നുമുള്ള വിവരം ചീഫ് സൂപ്രണ്ടുമാരെ അറിയിക്കുന്നതാണ്. ഇത് അറിയുന്ന മുറയ്ക്ക്, ഈ കുട്ടികൾക്ക് പരീക്ഷ എഴുതാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. എസ്.എസ്.എൽ.സിയ്ക്ക് അതത് മീഡിയങ്ങളിലും, ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്ക

ണ്ടറി എന്നിവയ്ക്ക് അതത് കോമ്പിനേഷനുകളിലും ആവശ്യമായ അത്രയും ചോദ്യപേപ്പറുകളുടെ എണ്ണം സ്കൂളുകളിൽ ഉണ്ടെന്ന് ചീഫ് സൂപ്രണ്ടുമാർ ഉറപ്പുവരുത്തേണ്ടതാണ്. ആവശ്യമായ എണ്ണം ചോദ്യപേപ്പറുകൾ ഇല്ലെങ്കിൽ, ഹൈസ്കൂൾ വിഭാഗം ചീഫ് സൂപ്രണ്ടുമാർ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ നേരിട്ടും, ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ ചീഫ് സൂപ്രണ്ടുമാർ ബന്ധപ്പെട്ട പരീക്ഷ സെക്രട്ടറിമാരെ ഇ-മെയിൽ വഴിയും വിവരം അറിയിക്കേണ്ടതാണ്.

4. **ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ**

പരീക്ഷാ ജോലികൾക്ക് നിയോഗിക്കപ്പെട്ട എല്ലാ അദ്ധ്യാപകരും പരീക്ഷാ കേന്ദ്രങ്ങളിൽ നിർബന്ധമായും എത്തിച്ചേരേണ്ടതാണ്. ബന്ധപ്പെട്ട ചീഫ് സൂപ്രണ്ടുമാർ ഇക്കാര്യം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ശാരീരിക അകലം പാലിക്കുന്നതിന്റെ ഭാഗമായി ഓരോ ഹാളിലും ഇരിക്കേണ്ട കുട്ടികളുടെ എണ്ണത്തിൽ വരുത്തിയിട്ടുള്ള കുറവ്, പരീക്ഷാ കേന്ദ്ര മാറ്റം തുടങ്ങിയ കാരണങ്ങളാൽ അധികമായി ഇൻവിജിലേറ്റർമാരെ ആവശ്യമായി വന്നേക്കാം. ഏതെങ്കിലും കാരണത്താൽ ഇൻവിജിലേറ്റർമാരുടെ എണ്ണത്തിൽ കുറവു വരുന്നപക്ഷം ജില്ലയിൽ ലഭ്യമാകുന്ന പ്രൈമറി അദ്ധ്യാപകർ ഉൾപ്പെടെയുള്ളവരെ ചീഫ് സൂപ്രണ്ടിന്റെ ആവശ്യപ്രകാരം ഡി.ഇ.ഒ മാർ നിയമിച്ചു നൽകേണ്ടതാണ്.

5. **ചോദ്യപ്പേപ്പർ**

പരീക്ഷാകേന്ദ്രങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ചോദ്യപ്പേപ്പറുകളുടെ സുരക്ഷ ചീഫ് സൂപ്രണ്ടുമാർ മുൻകൂട്ടി ഉറപ്പുവരുത്തേണ്ടതാണ്.

ഡി.ഇ.ഒ.മാർ ബന്ധപ്പെട്ട ബാങ്ക്/ട്രഷറികളിൽ നിന്നും എസ്.എസ്.എൽ.സി സ്പെയർ ചോദ്യപ്പേപ്പറുകൾ 25-05-2020-ന് കൈപ്പറ്റേണ്ടതും അധിക ചോദ്യപേപ്പർ ആവശ്യമുള്ള കേന്ദ്രങ്ങളിൽ പരീക്ഷാ ദിവസങ്ങളിൽ എത്തിക്കേണ്ടതുമാണ്.

6. **വിദ്യാർത്ഥികളുടെ യാത്രാസൗകര്യം**

ഓരോ വിദ്യാർത്ഥിക്കും വിദ്യാലയത്തിലേക്ക് എത്തിച്ചേരാനുള്ള ഗതാഗത സൗകര്യം ക്ലാസ്സ് ടീച്ചർമാരുടെ സഹായത്തോടെ പ്രഥമാദ്ധ്യാപകർ ഉറപ്പാക്കേണ്ട താണ്. ഇതിനായി സ്വകാര്യ വാഹനങ്ങൾ, പൊതുഗതാഗതം, സ്കൂൾ ബസ്സുകൾ, പി.റ്റി.എ യുടെ സഹകരണത്തോടെയുള്ള വാഹന സൗകര്യം തുടങ്ങിയവ ഉപയോഗപ്പെടുത്താവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പട്ടികജാതി -

പട്ടികവർഗ്ഗ വകുപ്പുകളുടെ സഹകരണം ഇക്കാര്യത്തിൽ തേടാവുന്നതാണ്. സമീപത്തുള്ള വിദ്യാലയങ്ങളിലെ ബസ്സുകളും ഇതിനുവേണ്ടി പ്രയോജനപ്പെടുത്താവുന്നതാണ്. വിദ്യാലയങ്ങളുടെ വാഹനം ക്രമീകരിച്ചു നൽകുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു. മുകളിൽപ്പറഞ്ഞ മാർഗ്ഗങ്ങളിലൂടെ ഗതാഗത സൗകര്യം ഉറപ്പുവരുത്താൻ പറ്റാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട ആർ.ഡി.ഡി./എ.ഡി./ ഡി.ഇ.ഒ എന്നിവരെ അറിയിച്ച് ഇതിനായി വിദ്യാലയങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. മറ്റ് സ്കൂളുകളുടെ വാഹനം എടുക്കുമ്പോൾ ഇന്ധന ചെലവ്, ഡ്രൈവറുടെ ദിവസ വേതനം എന്നിവയും, വാഹനം വാടകയ്ക്ക് എടുക്കേണ്ടി വരുന്ന ഘട്ടത്തിൽ നൽകേണ്ടി വരുന്ന വാടകയും, സ്കൂളിന്റെ സ്പെഷ്യൽ ഫീ/പി.റ്റി.എ. ഫണ്ട് എന്നിവയിൽ നിന്ന് കണ്ടെത്താവുന്നതാണ്.

22.05.2020-ന് മുമ്പ് അതാത് പ്രഥമാദ്ധ്യാപകർ പി.റ്റി.എ. എക്സിക്യൂട്ടീവ് കമ്മറ്റി യോഗം ചേർന്ന് ഇതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

## 7. മോണിറ്ററിംഗ് ടീം

പൊതുപരീക്ഷകളുടെ ക്രമീകരണങ്ങൾ ഫീൽഡ് തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ജില്ലാതലത്തിൽ ഡി.ഡി.ഇ.മാർ രൂപീകരിച്ച മോണിറ്ററിംഗ് ടീം 21.05.2020 മുതൽ പ്രവർത്തിക്കേണ്ടതാണ്. ഈ ടീമുകൾ വിദ്യാലയങ്ങളിൽ പരിശോധന നടത്തി കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്തുവാൻ എല്ലാ വിദ്യാലയങ്ങളും സജ്ജമാണെന്ന് ഉറപ്പുവരുത്തേണ്ടതും, ഇതു സംബന്ധിച്ച റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താക്കൾഃ-

1. സെക്രട്ടറി, ഹയർ സെക്കണ്ടറി പരീക്ഷാ ബോർഡ്
2. സെക്രട്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാ ബോർഡ്
3. സെക്രട്ടറി, പരീക്ഷാ ഭവൻ, തിരുവനന്തപുരം.
4. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
5. എല്ലാ എ.ഡി മാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം)
6. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
7. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
8. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

(6–8) ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന

പകർപ്പ്:

1. സി.ഇ.ഒ, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം.
2. എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
3. ഡയറക്ടർ, സമഗ്ര ശിക്ഷ കേരള.
4. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും.
5. എല്ലാ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ജില്ലാ കോർഡിനേറ്റർമാർക്കും.
6. എല്ലാ ഹയർസെക്കണ്ടറി ജില്ലാ കോർഡിനേറ്റർമാർക്കും (ആർ.ഡി.ഡി മുഖേന)
7. കരുതൽ ഫയൽ.
8. ഓഫീസ് കോപ്പി.